

ആരെയും വെറുക്കാതിരിക്കൂ. ഇന്നല്ലെങ്കിൽ നാളെ അതു നമ്മളിലേക്കുതന്നെ തിരിച്ചുവരും. ഏവരേയും സ്നേഹിക്കൂ. ജീവിതവൃത്തം പൂർത്തിയാകുമ്പോൾ അതും നമ്മിലേക്കുതന്നെ തിരിച്ചുവരും.
സ്വാമി വിവേകാനന്ദൻ

ഫലം ചിന്ത്യം, അതിവിചിത്രവും

ഒരു പരമേശ്വര ഭക്തന് ഒരുനാൾ ഉണ്ടായ ഒരനുഭവം വളരെ പ്രസിദ്ധമാണ്. ദാരിദ്ര്യദുഃഖത്തിൽ നിന്ന് മോചനം കിട്ടാൻ അദ്ദേഹം പരമേശ്വരനോട് നിരന്തരം പ്രാർത്ഥിക്കുമായിരുന്നു. ഏറെ നാളത്തെ പ്രാർത്ഥനകൾക്ക് ഒരു ഫലവും സിദ്ധിക്കാതെ ഇദ്ദേഹത്തിന്റെ മനസ് കലുഷിതമായി. ഇതൊക്കെയായിട്ടും സാക്ഷാൽ പരമേശ്വരൻ കണ്ണുതുറക്കാൻ കൂട്ടാക്കിയതുമില്ല.

പക്ഷേ, ഭക്തന്റെ ദുഃഖത്തിൽ മനസലിഞ്ഞ പാർവതി ദേവി അയാളെ സഹായിക്കണമെന്ന് പരമേശ്വരനോട് അഭ്യർത്ഥിക്കുകയും, പരമശിവൻ അവസാനം അതിനു സമ്മതം മൂളുകയും ചെയ്തു. എന്തുകൊണ്ട് തന്റെ ഭക്തനെ സഹായിക്കാൻ താൻ ആദ്യം തയ്യാറായില്ലെന്ന് അദ്ദേഹം ദേവിയോട് മുൻകൂട്ടി സൂചിപ്പിച്ചതായി കഥയിൽ സൂചനയുണ്ടോ എന്നറിയില്ല. ഏതായാലും, പരമേശ്വരൻ തന്റെ ആരാധകനുവേണ്ടി അവൻ നടക്കുന്ന വഴിയിൽ സ്വർണക്കട്ടികൾ വിതറി. പൊടുന്നനെ അതു സംഭവിച്ചു. അതുവരെ കണ്ണുകൾ തുറന്നുപിടിച്ച് ശിവമന്ത്രം ഉരുവിട്ടു നടന്നിരുന്ന വ്യക്തി പെട്ടെന്ന് കണ്ണുകൾ അടച്ചുവച്ചു നടക്കാൻ തുടങ്ങിപോൽ. ഫലം ചിന്ത്യം, അതിവിചിത്രവും!

ഇതിലെ പ്രഖ്യാപിത ഗുണപാഠം ഒന്നേയൊന്നുമാത്രം - ഒരാൾ അർഹിക്കുന്നതു മാത്രമേ അയാൾക്കു ലഭിക്കുകയുള്ളൂവെന്ന്. എന്നാൽ, ഉൾക്കാനുള്ള മറ്റൊരു സന്ദേശവും ഇവിടെയുണ്ട്. അവസരങ്ങൾ സ്വന്തം ജീവിതത്തിന്റെ പടിവാതിലിൽ വന്നു മുട്ടുമ്പോൾ തൽക്ഷണം അതു മനസിലാക്കാൻ ഒരാൾ ജാഗരൂകനായിരിക്കുകയും വേണമെന്ന സത്യം. ഒരു നിമിഷത്തിന്റെ വ്യത്യാസത്തിൽ അതു നഷ്ടപ്പെടാൻ ഒരിക്കലും ഇടയാകരുത്. അഥവാ, മറ്റൊരു വ്യാഖ്യാനവും ഈ കഥയ്ക്കു നൽകുന്നതിൽ അപാകതയില്ലെന്നു തോന്നുന്നു. പരമേശ്വര ഭക്തന്റെ മുമ്പിൽ സ്വർണക്കട്ടികൾ എന്നും എപ്പോഴും ഉണ്ടായിരുന്നുവെന്നും കരുതാവുന്നതാണ്. പക്ഷേ, അവ കണ്ണുതുറന്നു കണ്ടുപിടിക്കാൻ അയാൾക്ക് കഴിയാതിരുന്നതാണ് അയാളുടെ പരാജയകാരണം. ഉദ്യോഗാർത്ഥികൾ ഉൾപ്പെടെയുള്ള എല്ലാ അവസരാർത്ഥികളും ഇതു ശ്രദ്ധിക്കണം. അവസരങ്ങൾ അനവധിയാണ്. അവ നമ്മുടെ മുമ്പിലും നമുക്കു ചുറ്റും സജീവസാന്നിദ്ധ്യമായി നിലകൊള്ളുന്നു. അനുയോജ്യമായത് തിരഞ്ഞെടുക്കുകയേ വേണ്ടൂ. റോഡിന്റെ ഒരുവശത്ത് തണൽമരങ്ങൾ നിരനിരയായി നിൽക്കുന്നു. കൊടും വേനലിൽ അവ നൽകുന്ന ആശ്വാസം പറഞ്ഞറിയിക്കാൻ വാക്കുകളില്ല. എന്നാൽ, ഇതുകാണാതെ റോഡിന്റെ ചുട്ടുപഴുത്ത മറുവശം ചേർന്ന് നടന്ന് ചിലർ അത്യന്തം വിവശരായിത്തീരുന്നു. ഈ ദുരവസ്ഥ ഇനിയും തുടരാൻ പാടില്ല. കുളിർമയും ഉന്മേഷവും പ്രദാനം ചെയ്യുന്ന മരത്തണലുകളിലേക്ക് നടന്നുനീങ്ങാൻ ഇനിയും അമാന്തിക്കരുത്. ഒരാളുടെ അവസരങ്ങളും ജീവിത വിജയവും അവിടെയാണ് ലഭ്യമാകുന്നതും അങ്ങനെയാണ് സാധിതമാകുന്നതും.

(ലേഖകന്റെ ഫോൺ: 9656723481)

ജോബ് പോയിന്റ്
ബേബി ജോസഫ്

സി.ആർ.പി.എഫിൽ 219 എ.എസ്.ഐ

സെൻട്രൽ റിസർവ് പൊലീസ് ഫോഴ്സിലേക്ക് (സി.ആർ.പി.എഫ്) അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ (സ്റ്റെനോഗ്രാഫർ) തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. ആകെ 219 ഒഴിവുകളുണ്ട്. സ്ത്രീകൾക്കും അപേക്ഷിക്കാം.

യോഗ്യത: പ്ലസ് ടു അല്ലെങ്കിൽ തത്തുല്യം. മിനിട്ടിൽ 80 വാക്കുകളുടെ വേഗത്തിൽ പത്തു മിനിട്ട് ഡിക്റ്റേഷനും 50 മിനിട്ട് ഇംഗ്ലീഷ് നോക്കിയെഴുത്തും അടങ്ങുന്ന സ്കിൽ ടെസ്റ്റ് ഉണ്ടായിരിക്കും. പ്രായം: 25.04.2014 ന് 18 നും 25 നും മദ്ധ്യേ. എസ്.സി/ എസ്.ടി വിഭാഗക്കാർക്ക് അഞ്ചും ഒ.ബി.സിക്കാർക്ക് മൂന്നും വർഷത്തെ വയസിളവുണ്ട്. വിമുക്ത ഭടർക്ക് ചട്ടപ്രകാരവും, ഡിപ്പാർട്ട്മെന്റൽ ക്വാട്ടയിൽ അപേക്ഷിക്കുന്നവരുടെ ഉയർന്ന പ്രായപരിധി 45 വയസ്. ശാരീരികയോഗ്യത: ഉയരം പുരുഷന്മാർക്ക് 165 സെ.മീ (എസ്.ടി. വിഭാഗക്കാർക്ക് 162.5 സെന്റീമീറ്റർ). സ്ത്രീകൾക്ക് 155 സെന്റീമീറ്റർ (എസ്.ടി വിഭാഗക്കാർക്ക് 150 സെന്റീമീറ്റർ). നെഞ്ചളവ്: പുരുഷന്മാർക്ക് 77-82 സെന്റീമീറ്റർ (എസ്.ടി. 76-81 സെന്റീമീറ്റർ) ശമ്പളം: 29,200-92,300 രൂപ. അപേക്ഷകർക്ക് കണ്ണട ഉപയോഗിക്കാതെ നല്ല കാഴ്ചശക്തി ഉപയോഗിക്കണം.

പരന്ന പാദങ്ങൾ, കൂട്ടിമുട്ടുന്ന കാൽമുട്ടുകൾ, കോങ്കണ്ണ്, വെരിക്കോസ് വെയിൻ തുടങ്ങിയവ ഉള്ളവർക്ക് അപേക്ഷിക്കാനാവില്ല. ശാരീരികക്ഷമതാ പരിശോധന, എഴുത്തുപരീക്ഷ, സ്കിൽ ടെസ്റ്റ്, വൈദ്യ പരിശോധന എന്നീ ഘട്ടങ്ങൾക്ക് ശേഷമാണ് യോഗ്യരായവരെ തിരഞ്ഞെടുക്കുക. ജൂലായ് 16 നായിരിക്കും എഴുത്തുപരീക്ഷ. അപേക്ഷിക്കേണ്ട വിധം: www.crpfindia.com എന്ന വെബ്സൈറ്റ് വഴി 27 മുതൽ ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. ഓൺലൈൻ അപേക്ഷയിൽ ഉദ്യോഗാർത്ഥിയുടെ പാസ്പോർട്ട് സൈസ് ഫോട്ടോയും കൈയൊപ്പും അപ്‌ലോഡ് ചെയ്യണം. 100 രൂപയാണ് അപേക്ഷാഫീസ്. നെറ്റ് ബാങ്കിംഗ് വഴിയോ ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് വഴിയോ ഓൺലൈൻ ആയോ സ്റ്റേറ്റ് ബാങ്ക് ഒഫ് ഇന്ത്യയുടെ ഏതെങ്കിലും ശാഖകൾ വഴിയോ ഫീസ് അടയ്ക്കാം.

ഫീസ് അടയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഓൺലൈൻ അപേക്ഷാസമയത്ത് ലഭ്യമാകും. വനിതകൾ, എസ്.സി.എസ്.ടി വിഭാഗക്കാർ, വിമുക്തഭടർ എന്നിവർ അപേക്ഷാഫീസില്ല. ഓൺലൈൻ അപേക്ഷാ നടപടികൾ പൂർത്തിയായാൽ ലഭിക്കുന്ന ആപ്ലിക്കേഷൻ നമ്പർ കുറിച്ചെടുത്ത് സൂക്ഷിക്കണം. ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: ഏപ്രിൽ 25.

വ്യോമസേനയിൽ 154 ഗ്രൂപ്പ് സി

വ്യോമസേനയുടെ എച്ച്. ക്യൂ. മെയിന്റനൻസ് കമാൻഡ് യൂണിറ്റുകളിലേക്ക് 154 ഗ്രൂപ്പ് സി തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. യോഗ്യത: കോപ്പർസ്മിത്ത് ആൻഡ് ഷീറ്റ് മെറ്റർ വർക്കർ: പത്താം ക്ലാസ് തത്തുല്യം. കോപ്പർസ്മിത്ത് ആൻഡ് ഷീറ്റ് മെറ്റർ വർക്കർ ട്രേഡിൽ ഐ.ടി.ഐ യോഗ്യതയും ഒരുവർഷം പ്രവൃത്തിപരിചയവും. അല്ലെങ്കിൽ ഇതേ ട്രേഡിൽ മുൻപരിചയമുള്ള വിമുക്തഭടർക്കും അപേക്ഷിക്കാം.

പെയിന്റർ, കാർപെന്റർ, ലെതർ വർക്കർ, ടെയ്‌ലർ - പത്താം ക്ലാസ് തത്തുല്യം അനുബന്ധ ട്രേഡിൽ ഐ.ടി.ഐ അല്ലെങ്കിൽ അതത് ട്രേഡിൽ മുൻപരിചയമുള്ള വിമുക്ത ഭടർക്ക് അപേക്ഷിക്കാം.

ലോവർ ഡിവിഷൻ ക്ലാർക്ക്: പന്ത്രണ്ടാം ക്ലാസ് തത്തുല്യം. ഇംഗ്ലീഷിൽ മിനിട്ടിൽ 35 വാക്കും ഹിന്ദിയിൽ മിനിട്ടിൽ 30 വാക്കും കമ്പ്യൂട്ടറിൽ ടൈപ്പിംഗ് വേഗം. കമ്പ്യൂട്ടർ സ്കിൽ ടെസ്റ്റ് ഉണ്ടായിരിക്കും.

സ്റ്റോർകീപ്പർ: പന്ത്രണ്ടാം ക്ലാസ് തത്തുല്യം. സ്വകാര്യ, പൊതുമേഖലാ സ്ഥാപനത്തിൽ സ്റ്റോർ, അക്കൗണ്ടിംഗ് ജോലികളിൽ മുൻപരിചയം അഭിലഷണീയം

കുക്ക്: പത്താം ക്ലാസ് തത്തുല്യം. ആറുമാസത്തിൽ കുറയാത്ത മുൻപരിചയം

ധോബി: പത്താം ക്ലാസ് തത്തുല്യം. ഒരു വർഷത്തിൽ കുറയാത്ത മുൻപരിചയം അഭിലഷണീയം

മെസ്സ് സ്റ്റാഫ്: പത്താംക്ലാസ് തത്തുല്യം. വെയിറ്റർ, വാഷർ ജോലികളിൽ ഒരുവർഷത്തിൽ കുറയാത്ത മുൻപരിചയം അഭിലഷണീയം

മൾട്ടി ടാസ്കിംഗ് സ്റ്റാഫ്: പത്താം ക്ലാസ് തത്തുല്യം. വാച്ച്മാൻ, ലാസ്കർ, ഗസ്റ്റനർ ഓപ്പറേറ്റർ, മാലി തസ്തികകളിലൊന്നിൽ ഒരുവർഷത്തിൽ കുറയാത്ത മുൻപരിചയം അഭിലഷണീയം സഫായിവാല/ സഫായിവാലി: പത്താംക്ലാസ് തത്തുല്യം.

വാർഡ് സഹായിക: പത്താം ക്ലാസ് തത്തുല്യം. ആയാ ജോലിയിൽ ഒരുവർഷത്തിൽ കുറയാത്ത മുൻപരിചയം

ഫയർമാൻ: പത്താം ക്ലാസ് തത്തുല്യം. ഫയർ ഫൈറ്റിംഗിൽ പരിശീലനം നേടിയിരിക്കണം. അഗ്നിശമന ഉപകരണങ്ങൾ കൈകാര്യം ചെയ്യാം അറിയണം. ഉയരം: 165 സെ.മീ, എസ്, ടി വിഭാഗക്കാർക്ക് 2.5 സെ.മീന്റെ ഇളവുണ്ട്. .അപേക്ഷിക്കേണ്ടവിധം: അപേക്ഷ എ4 പേപ്പറിൽ തയ്യാറാക്കി അയയ്ക്കണം.

വിദ്യാഭ്യാസയോഗ്യത, പ്രായം, സാങ്കേതിക പരിജ്ഞാനം, മുൻപരിചയം, ജാതി, ഭിന്നശേഷി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നിർദ്ദേശാനുസരണം അപേക്ഷയോടൊപ്പം ചേർക്കണം. ഇതോടൊപ്പം 5 രൂപയുടെ സ്റ്റാമ്പ് പതിപ്പിച്ച് ഉദ്യോഗാർത്ഥിയുടെ വിലാസം രേഖപ്പെടുത്തിയ തപാൽകവറും അയച്ച് നൽകണം. കൂടുതൽ വിവരങ്ങൾക്ക് indianairforce.nic.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: ഏപ്രിൽ 17

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ 31 അവസരം

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ വിവിധ തസ്തികകളിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. 31 ഒഴിവുണ്ട്. റിസർച്ച് ഓഫീസർ / എഡിറ്റോറിയൽ അസിസ്റ്റന്റ് - 9

യോഗ്യത: അംഗീകൃത സർവകലാശാലയിൽ നിന്ന് സയൻസ്/ ആർട്സ്/ കൊമേഴ്സ് വിഷയങ്ങളിലൊന്നിൽ ബിരുദാനന്തര ബിരുദം. അല്ലെങ്കിൽ എൻജിനിയറിംഗ് ടെക്നോളജി / കൃഷി/ മൃഗസംരക്ഷണം / ആരോഗ്യം എന്നിവയിലൊന്നിൽ ബിരുദം. 2. മലയാള ഭാഷാ പ്രാവീണ്യം. 3. പ്രസിദ്ധീകരണങ്ങൾ എഡിറ്റ് ചെയ്തു പരിചയം, 4. കോളേജുകൾ, യൂണിവേഴ്സിറ്റികൾ മറ്റ് ഗവേഷണ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നുമുള്ള അദ്ധ്യാപന - ഗവേഷണ പരിചയം.

5. ഗവേഷണ / എഡിറ്റിങ് പ്രവൃത്തി പരിചയം 5 വർഷത്തിൽ കുറയരുത്. ശമ്പളം: 29,200 രൂപ. സബ് എഡിറ്റർ -3

യോഗ്യത 1. ബിരുദം. 2. മലയാള ഭാഷാ പരിജ്ഞാനം, 3. പ്രൂഫ് റീഡിങ്ങിൽ (KGT or MGTE) ലഭിച്ചിട്ടുള്ള ഹയർ ഗ്രേഡ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യ യോഗ്യത അല്ലെങ്കിൽ പ്രശസ്തമായ ഏതെങ്കിലും പ്രിന്റിംഗ് പ്രസിൽ നിന്നോ പുസ്തക പ്രസിദ്ധീകരണശാലയിൽ നിന്നോ ലഭിച്ച പ്രൂഫ് റീഡിങിലെ മൂന്നു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം. ശമ്പളം: 29,200 രൂപ.

ലൈബ്രേറിയൻ ഗ്രേഡ് IV -1

യോഗ്യത: അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ലൈബ്രറി സയൻസിലെ ബിരുദം. ശമ്പളം: 22,000 രൂപ പ്രൂഫ് റീഡർ - ഗ്രേഡ് - 1 & II - 4

1. അംഗീകൃത സർവകലാശാലയിൽ നിന്ന് സയൻസ് / ആർട്സ് / കൊമേഴ്സ് ഇവയിൽ ഏതെങ്കിലും വിഷയത്തിൽ ലഭിച്ചിട്ടുള്ള ബിരുദം.

2. പ്രൂഫ് റീഡിങ്ങിൽ (KGTE or MGTE) ലഭിച്ചിട്ടുള്ള ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യ യോഗ്യത.

3. പ്രശസ്തമായ ഏതെങ്കിലും പ്രിന്റിംഗ് പ്രസിൽ നിന്നോ പുസ്തക പ്രസിദ്ധീകരണ ശാലയിൽ നിന്നോ പ്രൂഫ് റീഡിംഗിൽ ലഭിച്ച 2 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം.

ശമ്പളം: 25,200 രൂപ

യു.ഡി / എൽ.ഡി കോപ്പി ഹോൾഡർ - 5 യോഗ്യത: 1. എസ്.എസ്.എൽ.സി/ തത്തുല്യം

2. അംഗീകൃത സ്ഥാപനത്തിൽ നിന്ന് പ്രിന്റിംഗ് ടെക്നോളജിയിൽ ഡിപ്ലോമ അല്ലെങ്കിൽ പ്രൂഫ് റീഡിംഗിൽ KGTE / MGTE ലോവർ ഡി.ടി.പി യിലെ പ്രവൃത്തി പരിചയം അഭിലഷണീയം.

ശമ്പളം: 19000 രൂപ

യു.ഡി ബൈൻഡർ - 9

യോഗ്യത: 1. എസ്.എസ്.എൽ.സി/ തത്തുല്യം

2. ബുക്ക് ബൈൻഡിംഗിൽ KGTE / MGTE ലോവർ ശമ്പളം: 19000 രൂപ പ്രായം: 2017 ജനുവരി ഒന്നിന് 50 വയസ് കവിയരുത്.

അപേക്ഷാഫോം തിരുവനന്തപുരത്ത് കേന്ദ്ര ഓഫീസിൽ നിന്ന് പ്രവൃത്തിസമയത്ത് നേരിട്ടും സ്വന്തം വിലാസം എഴുതിയ അഞ്ച് രൂപ സ്റ്റാമ്പൊട്ടിച്ച കവർ സഹിതം അപേക്ഷിച്ചാൽ തപാലിലും സൗജന്യമായി ലഭിക്കും. ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റായ www.keralabhashainstitute.org ൽ നിന്ന് ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ചയച്ചാലും മതിയാകും. അവസാന തീയതി: ഏപ്രിൽ 10.

ശ്രീചിത്രയിൽ അവസരം

തിരുവനന്തപുരത്തെ ശ്രീചിത്ര മെഡിക്കൽ സയൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഗവേഷണ പദ്ധതികളിലെ വിവിധ തസ്തികകളിൽ നിയമനത്തിന് തത്സമയ അഭിമുഖം നടത്തുന്നു.

ജൂനിയർ റിസർച്ച് ഫെലോ: ഒഴിവ്: 1. യോഗ്യത: സൈക്കോളജി/ ക്ലിനിക്കൽ സൈക്കോളജി ബിരുദാനന്തര ബിരുദവും നെറ്റും. പ്രവൃത്തിപരിചയം അഭികാമ്യം. പ്രായപരിധി 35. ശമ്പളം 25000 + എച്ച്.ആർ.എ. അഭിമുഖത്തിനുള്ള തീയതിയും സമയവും: മാർച്ച് 28ന് രാവിലെ 11 മണി. റിപ്പോർട്ട് ചെയ്യേണ്ട സമയം രാവിലെ 10 മണി.

2. റിസർച്ച് അസോസിയേറ്റ്: ഒഴിവ് 1. യോഗ്യത: എം.എസ്.ഡബ്ലിയുവും രണ്ട് വർഷത്തെ ക്ലിനിക്കൽ ട്രയൽ പരിചയവും. പ്രായപരിധി: 35. ശമ്പളം: 18000 രൂപ. അഭിമുഖം നടത്തുന്ന തീയതിയും സമയവും മാർച്ച് 28 ഉച്ചയ്ക്ക് 2.30. റിപ്പോർട്ട് ചെയ്യേണ്ട സമയം ഉച്ചയ്ക്ക് 1.30.

3. സ്പീച്ച് തെറാപ്പിസ്റ്റ്: ഒഴിവ്: 1. യോഗ്യത: 1. എം. എസ്‌സി (സ്പീച്ച് ആൻഡ് ഹിയറിംഗ്) അല്ലെങ്കിൽ എം.എ.എസ് എൽ.പി.

2. ആർ. സി.ഐ രജിസ്ട്രേഷൻ അല്ലെങ്കിൽ ബിഎസ്.സി (സ്പീച്ച് ആൻഡ് ഹിയറിംഗ്/ ബി.എ.എസ്.എൽ.പി പ്രവൃത്തി പരിജ്ഞാനവും അഭികാമ്യം. പ്രായപരിധി 35. ശമ്പളം 18,000 രൂപ. അഭിമുഖം നടത്തുന്ന തീയതിയും സമയവും: മാർച്ച് 27ന് ഉച്ചയ്ക്ക് 2.30. റിപ്പോർട്ട് ചെയ്യേണ്ട സമയം ഉച്ചയ്ക്ക് 1.30.

തിരുവനന്തപുരം മെഡിക്കൽ കോളേജ് വളപ്പിലെ ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫീസിലെ മിനി കോൺഫറൻസ് ഹാളിലാണ് അഭിമുഖം നടത്തുന്നത്. കൂടുതൽ വിവരങ്ങൾ www.sctimst.ac.in എന്ന വെബ്സൈറ്റിൽ കിട്ടും. ഫോൺ: 0471 - 2524437.

പ്രോജക്ട് എൻജിനിയർ

ശ്രീചിത്രയുടെ പൂജപ്പുരയിലുള്ള ബയോമെഡിക്കൽ ടെക്നോളജി വിഭാഗത്തിൽ പ്രോജക്ട് എൻജിനിയർ നിയമനത്തിന് തത്സമയ അഭിമുഖം നടത്തുന്നു.

ഒഴിവ്: 1. യോഗ്യത: ബയോമെഡിക്കൽ എൻജിനിയറിംഗിലോ തത്തുല്യ എൻജിനിയറിംഗിലോ ബി.ടെക്/ ബി.ഇ. പ്രവൃത്തി പരിചയം അഭികാമ്യമായിരിക്കും. ശമ്പളം: 14500 + എച്ച്.ആർ.എ. പ്രായപരിധി 35. അഭിമുഖം നടത്തുന്ന തീയതിയും സമയവും മാർച്ച് 23 രാവിലെ 10.30. റിപ്പോർട്ട് ചെയ്യേണ്ട സമയം രാവിലെ 9 മണി. തിരുവനന്തപുരം പൂജപ്പുര സതേൽമണ്ട് പാലസിലെ ബയോടെക്നോളജി വിഭാഗം ഓഫീസിലാണ് അഭിമുഖം നടത്തുന്നത്. കൂടുതൽ വിവരം www.sctimst.ac.in എന്ന വെബ്സൈറ്റിൽ കിട്ടും.

ഗൺകാര്യേജ് ഫാക്ടറിയിൽ അപ്രന്റിസ്

ഇന്ത്യൻ ഓർഡനൻസ് ഫാക്ടറികളുടെ ഭാഗമായ ജബൽപൂർ ഗൺ കാര്യേജ് ഫാക്ടറിയിലേക്ക് അപ്രന്റിസ്ഷിപ്പിന് അപേക്ഷ ക്ഷണിച്ചു. കെമിക്കൽ, സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ, മെറ്റലർജി, ഐ.ടി വിഭാഗങ്ങളിലായി 28 ഒഴിവുകളുണ്ട്.

യോഗ്യത: അനുബന്ധ വിഷയത്തിൽ എൻജിനീയറിംഗ് ബിരുദക്കാർക്കും ഡിപ്ലോമക്കാർക്കും അവസരമുണ്ട്. ഇതിനു മുൻപ് അപ്രന്റിസ്ഷിപ് ട്രെയിനിംഗ് പൂർത്തിയാക്കിയിട്ടുള്ളവർ അപേക്ഷിക്കേണ്ടതില്ല. 2017 ഏപ്രിൽ 3 മുതൽ 2018 ഏപ്രിൽ 2 വരെ ഒരുവർഷകാലയളവിലാണ് പരിശീലനം. ബിരുദധാരികൾക്ക് 4984 രൂപയും ഡിപ്ലോമക്കാർക്ക് 3542 രൂപയും സ്റ്റൈപ്പൻഡായി ലഭിക്കും. ഡിഗ്രി/ ഡിപ്ലോമയ്ക്ക് നേടിയ മാർക്കിന്റെയും റിക്രൂട്ട്മെന്റ് സെന്റർ നടത്തുന്ന മുഖാമുഖം വൈദ്യപരിശോധന എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും തിരഞ്ഞെടുപ്പ്. പിന്നാക്കക്കാർക്കുള്ള സംവരണം ചട്ടപ്രകാരം.

അപേക്ഷിക്കേണ്ട വിധം: കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്ത് തയ്യാറാക്കിയ അപേക്ഷ അയച്ച് നൽകണം. അപേക്ഷയുടെ വലതുഭാഗത്ത് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഫോട്ടോ പതിക്കണം. അധികമായി ഒരു ഫോട്ടോ അപേക്ഷയോടൊപ്പം അയയ്ക്കണം. യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും അപേക്ഷയ്ക്കൊപ്പം ചേർക്കണം. വിലാസം: Sr. General Manager, Gun Carriage Factory, Jabalpur -482011 (MP) അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: മാർച്ച് 25

വി.ആർ.ഡി.എയിൽ 22 ജെ.ആർ.എഫ്

ഇന്ത്യൻ പ്രതിരോധ മന്ത്രാലയത്തിനു കീഴിൽ അഹമ്മദ്നഗറിലുള്ള വെഹിക്കിൾ റിസർച്ച് ആൻഡ് ഡെവലപ്മെന്റ് എസ്റ്റാബ്ലിഷ്മെന്റിലേക്ക് ജൂനിയർ റിസർച്ച് ഫെലോ തസ്തികയിൽ അപേക്ഷ ക്ഷണിച്ചു. അഞ്ച് വിഭാഗങ്ങളിലായി 22 ഒഴിവുകളുണ്ട്.

മെക്കാനിക്കൽ എൻജിനീയറിംഗ്-13

ഇലക്ട്രോണിക്സ് എൻജിനീയറിംഗ് -3 ഓട്ടോമൊബൈൽ എൻജിനീയറിംഗ്-2

കമ്പ്യൂട്ടർ സയൻസ്-2

ഇലക്ട്രിക്കൽ എൻജിനീയറിംഗ്-2

യോഗ്യത: അനുബന്ധ വിഷയത്തിൽ ബി.ഇ/ ബി.ടെക് അല്ലെങ്കിൽ എം.ഇ/ എം.ടെക് ഗേറ്റ് പാസായിരിക്കണം.

പ്രായം: 28 വയസ് കവിയാൻപാടില്ല. എസ്.സി/ എസ്.ടി വിഭാഗത്തിന് അഞ്ചും ഒ.ബി.സിക്കാർക്ക് മൂന്നും വർഷത്തെ ഇളവുണ്ട്. സ്റ്റൈപ്പൻഡ്: 25000 രൂപ അപേക്ഷിക്കേണ്ട വിധം: അപേക്ഷയോടൊപ്പം Director, VRDE, Vahannagar (po) Ahmednagar, 414006 (Maharashtra State) എന്ന പേരിൽ പത്ത് രൂപയുടെ ക്രോസ്ഡ് പോസ്റ്റൽ ഓർഡർ ചേർക്കണം. എസ്.സി, എസ്.ടി, ഒ.ബി.സിക്കാർക്ക് ബാധകമല്ല. ഇതേ വിലാസത്തിൽ തന്നെയാണ് അപേക്ഷ അയയ്ക്കേണ്ടത്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: ഏപ്രിൽ 7

പ്രോജക്ട് അസിസ്റ്റന്റ്

സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ നടപ്പാക്കുന്ന പ്രോജക്ടുകളിലേക്ക് ഉദ്യോഗാർത്ഥികളെ ആവശ്യമുണ്ട്. പ്രോജക്ട് അസിസ്റ്റന്റ് (ഒഴിവ്-18) യോഗ്യത - എർത്ത് സയൻസ്/ സയൻസ്/ റിമോട്ട് സെൻസിംഗ്/ സ്പേസ് സയൻസ് ആൻഡ് ടെക്നോളജി എന്നിവയിലുള്ള ബിരുദാനന്തര ബിരുദം അല്ലെങ്കിൽ ബി.ടെക് (കമ്പ്യൂട്ടർ സയൻസ്). റിമോട്ട് സെൻസിംഗ് ആൻഡ് ജി.ഐ.എസിലുള്ള രണ്ട് വർഷത്തെ പ്രവൃത്തിപരിചയം അഭികാമ്യം. ബയോഡാറ്റയും അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം 22ന് രാവിലെ 10ന് കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ, വികാസ്ഭവൻ, തിരുവനന്തപുരം ഓഫീസിൽ സ്ക്രീനിംഗ് ടെസ്റ്റിനും ഇന്റർവ്യൂവിനും ഹാജരാകണം. ഫോൺ: 0471 - 2301167.



അവസരങ്ങൾ; വെബ്സൈറ്റുകൾ*

- alert@indeed.com
- nice.com careers
- freshdesk.com careers
- naukari.com
- monster india.com
- careerjet.com
- careerage.com
- clickjobs.com
- freshers world.com

ഗൾഫിലെ അവസരങ്ങൾക്ക്

- gulfwalkin.com

* വെബ് പോർട്ടലുകളാണ് ചിലത്. യോഗ്യത സഹിതം രജിസ്റ്റർ ചെയ്താൽ അനുയോജ്യമായ തൊഴിലവസരങ്ങൾ മെയിൽ വഴി അറിയിച്ചുകൊണ്ടിരിക്കും.

കൃഷി പഠിക്കാൻ നെതർലാൻഡ്

▸ഡോ. ടി.പി. സേതുമാധവൻ

കരിയർ വിൻഡോ
CAREER WINDOW

ഡച്ച് സർക്കാർ സ്കോളർഷിപ്പോടുകൂടി നെതർലാന്റ്സിലെ സർവകലാശാലകൾ, വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവിടങ്ങളിൽ വിദേശ പഠനത്തിന് ഏറെ സാദ്ധ്യതയുണ്ട്. ഡച്ച് ധനകാര്യ മന്ത്രാലയം, കാർഷിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ സംയുക്തമായാണ് നെതർലാന്റ്സ് പഠനം പ്രോത്സാഹിപ്പിക്കുന്നത്.

വാഗനിംഗൻ സർവകലാശാല, ഹാസ് യൂണിവേഴ്സിറ്റി, വെലാന്റ് കോളേജ്, വി.എച്ച്.എൽ. യൂണിവേഴ്സിറ്റി, ലെന്റിസ് എന്നിവ പ്രധാനപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. കൂടാതെ നിരവധി വൊക്കേഷണൽ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളുമുണ്ട്. അഗ്രിബിസിനസ്, സംരംഭകത്വം, പാരിസ്ഥിതിക കോഴ്സുകൾ, ഫുഡ് ടെക്നോളജി, കൃത്യതാ കൃഷി, അപ്ലൈഡ് ബയോളജി, ഫുഡ് ഇന്നവേഷൻ, എക്സ്റ്റൻഷൻ, ബയോവേസ്റ്റ് മാനേജ്മെന്റ്, ഡെയറി ടെക്നോളജി, സുസ്ഥിര കൃഷി, ഫാമിംഗ് രീതികൾ, ആരോഗ്യം എന്നിവയിൽ ബിരുദ-ബിരുദാനന്തര ഡോക്ടറൽ പ്രോഗ്രാമുകളും ഹ്രസ്വകാല പരിശീലന പരിപാടികളും നെതർലാന്റ്സിലുണ്ട്. ഇന്റർനാഷണൽ ഫുഡ് ആൻഡ് അഗ്രി ബിസിനസ് ഏറെ സാധ്യതയുള്ള കോഴ്സാണ്. ഇതിൽ ഹാസ് യൂണിവേഴ്സിറ്റിയിൽ നാലു വർഷ അണ്ടർ ഗ്രാജ്വേറ്റ് പ്രോഗ്രാമുണ്ട്. കോഴ്സ് പൂർത്തിയാക്കിയവർക്ക് പ്രൊജക്ട് മാനേജർ, ഫുഡ് ആൻഡ് അഗ്രിബിസിനസ് തുടങ്ങിയ മേഖലയിൽ പ്രവർത്തിക്കാം.

നെതർലാന്റ്സിൽ അഡ്മിഷൻ ലഭിക്കാൻ IELTS, TOEFL കേംബ്രിഡ്ജ് ESOL എന്നിവയിലേതെങ്കിലുമൊന്ന് ഉയർന്ന സ്കോറോടുകൂടി പൂർത്തിയാക്കണം.

ഇന്റർനാഷണൽ ഫാം മാനേജ്മെന്റ്, ഇന്റർനാഷണൽ ഫുഡ് ആൻഡ് അഗ്രി ബിസിനസ് എന്നിവയിൽ അണ്ടർ ഗ്രാജ്വേറ്റ്, ഗ്രാജ്വേറ്റ് പ്രോഗ്രാമുകളുണ്ട്. പ്ലസ് ടു പൂർത്തിയാക്കിയവർക്ക് അണ്ടർ ഗ്രാജ്വേറ്റ് പ്രോഗ്രാമിനും ബിരുദം പൂർത്തിയാക്കിയവർക്ക് ഗ്രാജ്വേറ്റ് പ്രോഗ്രാമിനും അപേക്ഷിക്കാം. പ്ലസ് ടു തലത്തിൽ കണക്ക് പഠിച്ചിരിക്കണം. മൃഗസംരക്ഷണം, ഹോർട്ടിക്കൾച്ചർ, ജീയോ മീഡിയ ആൻഡ് ഡിസൈൻ, പരിസ്ഥിതി പ്ലാനിംഗ്, ഫ്രഷ്ഫുഡ് ഇന്നവേഷൻ എന്നിവയുമായി ബന്ധപ്പെട്ട കോഴ്സുകൾ നെതർലാന്റ്സിലുണ്ട്. കൂടുതൽ വിവരങ്ങൾക്ക്

www.hasinternational.nl
www.vhluniversity.com
www.wuv.nlw.wellant.nl
www.lentiz.nl സന്ദർശിക്കുക

സ്വകാര്യസ്ഥാപനങ്ങളിൽ അവസരം

Process Executive Vacancy in Cognizant

Cognizant is looking for candidates who completed Any Graduation or Any PostGraduation for the position Process Executive in Chennai. Interested and eligible candidates who have strong skill on desired profile can apply online for the requirement with the link given below. Find the job description, eligibility criteria, exact venue and interview details for more information.

Vacancy Name Process Executive
Education Requirement
Any Graduation, Any Post Graduation
Experience: 0 – 3yrs
Job Location: Chennai
Company Website: http://www.cognizant.com/
Last Date to Apply: 19-04-2017

HR Operations Advisor in HP

Any Graduate Freshers required for the position HR Operations Advisor in HP. Interested and eligible candidates who have strong skill on desired profile can apply online for the requirement with the link given below.

Company Name HP
Vacancy Name HR Operations Advisor
Education Requirement: Any Graduation
Experience: 0 – 2yrs
Job Location: Chennai
Company Website: http://www.hp.com
Last Date to Apply Online: 31/03/2017

HLL Life Care

HLL Life Care HLL recruitment 2017 proposes to receive the application from applicants in Offline Mode. Eligible candidates can submit their application to HLL Life Care HLL before 3/4/2017. All those aspiring to apply can check out various information.

Vacancy Name: Laboratory Personnel Education Requirement: M.Sc, B.Sc
Total Vacancy to be filled: 500 Location : Maharashtra Experience : 5 – 8 years Last Date To Apply: 3/4/2017 Qualification: M.Sc (Medical Biochemistry) with 5 years experience in Medical Laboratory, M.Sc (Medical Microbiology) with 5 years experience in Medical Laboratory, MSc (MLT)/BSc (MLT)/ DMLT minimum 5/ 7/8 years of post qualification experience in clinical laboratory, DMLT/BSc (MLT). For DMLT minimum 4 years and For BSc MLT minimum 3 years of post qualification experience in the relevant field.